പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 598

01.12.2015 - ൽ മറുപടിക്ക്.

## കൊയിലാണ്ടി മണ്ഡലത്തിലെ വികസന പദ്ധതികൾ

ചോദ്യം
ശ്രീ. കെ. ദാസൻ

മറുപടി
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക പുരോഗതി ഉൾപ്പെടെ വിശദമാക്കാമോ ;

(എ) : ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ താഴെ ചേർക്കുന്നു.

1. 2014-15 പഞ്ചവത്സര പദ്ധതിയിൽ മേലടി ബ്ലോക്ക് പദ്ധതിയിൽ രണ്ട് ലക്ഷം രൂപ ഗ്രാന്റ് ആയി അനുവദിച്ചുകൊണ്ട് ആറ് ലക്ഷം രൂപ പദ്ധതി അടങ്കലിൽ ഒരു നോൺ വൂവൺ ക്യാരി ബാഗ് യൂണിറ്റ് മേലടി ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിച്ചു.

2.പന്തലായനി കൈത്തറി നെയ്ത്ത് സംഘത്തിന് അവരുടെ കൊയിലാണ്ടിയിലുള്ള ഷോറൂം നവീകരണത്തിന് അനുവദിച്ച 1,25,000/- രൂപ ഉപയോഗിച്ച് ഷോ റൂം നവീകരിച്ച് പ്രവർത്തിച്ച് വരുന്നു.

3.പന്തലായനി കൈത്തറി നെയ്ത്ത് സംഘത്തിന് അവരുടെ വർക്ക്ഷെഡ്ഡ് റിപ്പയർ ചെയ്യുന്നതിന് 2012-13 വർഷത്തിൽ അനുവദിച്ച മൂന്നുലക്ഷം രൂപ കൊണ്ട് വർക്ക് ഷെഡ്ഡ് റിപ്പയർ

ചെയ്ത് ഉപയോഗിച്ച് വരുന്നു.

4.പന്തലായനി കൈത്തറി നെയ്ത്ത് സംഘത്തിൽ വച്ച് കൊയിലാണ്ടിയിലെ 20 പേർക്ക് നെയ്ത്ത് ജോലിയിൽ പരിശീലനം നടത്തുന്നതിനുവേണ്ടി 4,77,000/- രൂപ 2014-15 വർഷത്തിൽ അനുവദിച്ചു. പരിശീലനം വിജയകരമായി പൂർത്തീകരിച്ച് 20 പേരും നിലവിൽ ജോലി ചെയ്തു വരുന്നു.

5.പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് കൊണ്ട് 2012 കാലഘട്ടത്തിൽ 50,000/- രൂപ ചെലവിട്ട് വ്യവസായ ഗൈഡൻസ് തുടങ്ങുന്നതിനായി കമ്പ്യൂട്ടർ, പ്രിന്റർ, മേശ എന്നിവ വാങ്ങിയത് ഇപ്പോൾ ഉപയോഗിച്ച് വരുന്നു.

6.മാർജിൻ മണി വായ്പയായി വ്യവസായ വകുപ്പ് 6% പലിശയിന്മേൽ 3,74,500/- രൂപ ചെറുകിട സംരംഭങ്ങൾക്കായി അനുവദിച്ചു. കൊയിലാണ്ടി നഗരസഭ പരിധിയിൽ ചെറുകിട വ്യവസായത്തിനായി നഗരസഭ മുഖേന പദ്ധതി വെച്ചതിൽ 35,000/- രൂപ സബ്സിഡി അനുവദിച്ചു.

7.പി.എം.ഇ.ജി.പി വഴി 34 സംരംഭങ്ങൾക്കായി 61,02,720/- രൂപ സബ്സിഡി അനുവദിച്ചു.

8.സംസ്ഥാന നിക്ഷേപക സഹായ പദ്ധതി പ്രകാരം 2013-14 കാലയളവിൽ ഒരു യൂണിറ്റിന് 12,250/- രൂപ സബ്സിഡി അനുവദിച്ചു.

9.ഇ.എസ്.എസ്. പദ്ധതി പ്രകാരം 12 യൂണിറ്റുകൾക്ക്

17,29,834/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചു. എസ്.സി.എ-എസ്.സി.പി പട്ടികജാതി വിഭാഗം സംരംഭകർക്കായി പ്രത്യേക പദ്ധതിയിൻ കീഴിൽ 5 സംരംഭകർക്ക് സംരംഭം തുടങ്ങുന്നതിലേക്കായി അനുവദിച്ച ലോണിന്റെ 50% സബ്സിഡി ഇനത്തിൽ 1,11,000/- രൂപ അനുവദിച്ചു.

സെക്ഷൻ ഓഫീസർ.